## ആസ്തി വികസന പദ്ധതി

54 (3155) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള തുക വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ഡെപ്പോസിറ്റ് ചെയ്യാത്തത് ധനകാര്യ വകുപ്പിൽനിന്നും ഫണ്ട് ലഭ്യമാക്കാത്തത് കൊണ്ടാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കുള്ള തുക ആസ്തി വികസന പദ്ധതിയിൽനിന്നും അടിയന്തരമായി ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് തുക ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് 4851-105-97-LAC-ADS (NP) എന്ന ശീർഷകത്തിൽ ഡിസംബർ 2015-ലെ SDG-യിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിവരം വ്യവസായ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിക്കനുസരിച്ച് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(ഡി) ആസ്തിവികസന പദ്ധതി പ്രകാരം 2012-13 സാമ്പത്തികവർഷം മുതൽ ഒരു സാമ്പത്തികവർഷം ഒരു നിയോജകമണ്ഡലത്തിന് 5 കോടി എന്ന കണക്കിൽ മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അതാത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ ഫണ്ട് വകയിരുത്തുന്നു. ടി ശീർഷകത്തിൽ ഫണ്ട് അപര്യാപ്തമാണെന്ന് ധനകാര്യ വകുപ്പിനെ അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത ശീർഷകത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾക്ക് പ്രവൃത്തിയുടെ ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചുവരുന്നു. ഇതുകൂടാതെ അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി ജി. ഒ. (പി.) നമ്പർ 213/15/ധന. തീയതി 5-6-2015 ഉത്തരവ് പുറപ്പെടുവിക്കുകയും കാലതാമസമില്ലാതെ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**നാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക**

55 (3156) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക കമ്മിഷൻ നിർദ്ദേശിച്ച തരത്തിലാണോ 2015-16 സാമ്പത്തിക വർഷത്തിൽ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം നിയമസഭയെ അറിയിച്ചിട്ടുണ്ടോ;

(സി) വ്യത്യാസം വരുത്തിയതുമൂലം സംസ്ഥാനത്തിന്റെ റവന്യു കമ്മിയിലും ധനകമ്മിയിലും എന്തെങ്കിലും കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നാലാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക കമ്മീഷൻ നിർദ്ദേശിച്ച തരത്തിൽനിന്നും ചില വ്യത്യാസങ്ങൾ വരുത്തിയാണ് 2015-16 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്. ഇക്കാര്യം നിയമസഭയെ അറിയിക്കുന്നതാണ്.

(സി) 2015-16 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച തരത്തിൽനിന്നും വരുത്തിയ വ്യത്യാസം കാരണം സംസ്ഥാനത്തിന്റെ റവന്യു കമ്മിയിലും ധനകമ്മിയിലും ഉണ്ടാകാനിടയുള്ള വ്യത്യാസം വ്യക്തമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly